എ.വൈ.ആർ

സൂറ-13

# അർറഅ്ദ്

أَفَمَنْ هُوَ قَآئِمٌ عَلَىٰ كُلِّ نَفْسٍۭ بِمَا كَسَبَتْ ۗ وَجَعَلُوا۟ لِلَّهِ شُرَكَآءَ قُلْ سَمُّوهُمْ ۚ
أَمْ تُنَبِّـُٔونَهُۥ بِمَا لَا يَعْلَمُ فِى ٱلْأَرْضِ أَم بِظَٰهِرٍ مِّنَ ٱلْقَوْلِ ۗ بَلْ زُيِّنَ لِلَّذِينَ
كَفَرُوا۟ مَكْرُهُمْ وَصُدُّوا۟ عَنِ ٱلسَّبِيلِ ۗ وَمَن يُضْلِلِ ٱللَّهُ فَمَا لَهُۥ مِنْ هَادٍ
﴿٣٣﴾

33 ഓരോ ജീവിയെയും അതാർജിച്ച കർമത്തിനനുഗുണമായി പരിപാലിച്ചു പോരുന്നവൻ ജനം പൂജിക്കുന്ന കൽപ്രതിമകൾ പോലെയാണോ? അവർ അല്ലാഹുവിന്ന് പങ്കാളികളെ കൽപിച്ചിരിക്കുകയാകുന്നു. പ്രവാചകൻ അവരോടു പറയുക: നിങ്ങൾ ഈ ആരാധ്യരുടെ പേരു പറയുവിൻ. അതല്ല, നിങ്ങൾ ഭൂമിയിൽ അല്ലാഹു അറിയാത്ത വിവരങ്ങൾ അവനെ അറിയിക്കുകയാണോ? അതോ കേവലം വിടുവായത്തം പറയുകയോ? എന്നാൽ സത്യസന്ദേശം തള്ളിക്കളഞ്ഞവർക്ക് സ്വന്തം കുചേഷ്ടിതം ഭൂഷണമായിത്തോന്നുകയും അങ്ങനെ അവർ നേർവഴിയിൽനിന്നു തടയപ്പെടുകയും ചെയ്തിരിക്കുന്നു എന്നതത്രെ വാസ്തവം. അല്ലാഹു മാർഗഭ്രഷ്ടരാക്കിയവരെ സന്മാർഗദർശനം ചെയ്യാനാരുമില്ല.

لَّهُمْ عَذَابٌ فِى ٱلْحَيَوٰةِ ٱلدُّنْيَا ۖ وَلَعَذَابُ ٱلْءَاخِرَةِ أَشَقُّ ۖ وَمَا لَهُم مِّنَ ٱللَّهِ
مِن وَاقٍ ﴿٣٤﴾

34 ഇത്തരക്കാർക്ക് ഭൗതിക ജീവിതത്തിൽ തന്നെ ശിക്ഷയുണ്ട്. അതിനെക്കാൾ കൊടൂരം പാരത്രിക ശിക്ഷ തന്നെയാകുന്നു. അല്ലാഹുവിന്റെ ശിക്ഷയിൽനിന്ന് അവരെ രക്ഷിക്കാനാരുമില്ല.

۞ مَّثَلُ ٱلْجَنَّةِ ٱلَّتِى وُعِدَ ٱلْمُتَّقُونَ ۖ تَجْرِى مِن تَحْتِهَا ٱلْأَنْهَٰرُ ۖ أُكُلُهَا
دَآئِمٌ وَظِلُّهَا ۚ تِلْكَ عُقْبَى ٱلَّذِينَ ٱتَّقَوا۟ ۖ وَّعُقْبَى ٱلْكَٰفِرِينَ ٱلنَّارُ ﴿٣٥﴾

35 ദൈവഭക്തന്മാർ വാഗ്ദത്തം ചെയ്യപ്പെട്ടിട്ടുള്ള സ്വർഗലോകത്തിന്റെ വർണന: അതിന്റെ കീഴ്ഭാഗങ്ങളിൽ ആറുകളൊഴുകിക്കൊണ്ടിരിക്കുന്നു. അതിലെ വൃക്ഷങ്ങൾ എന്നുമെന്നും ഫലം നൽകുന്നതും തണൽ വിരിക്കുന്നതുമാകുന്നു. ഇതത്രെ വിധിവിലക്കുകൾ പാലിച്ച് വാണവരുടെ പരിണതി. ധിക്കാരികളുടെ പരിണതിയോ, നരകാഗ്നിയും.

وَٱلَّذِينَ ءَاتَيْنَٰهُمُ ٱلْكِتَٰبَ يَفْرَحُونَ بِمَآ أُنزِلَ إِلَيْكَ ۖ وَمِنَ ٱلْأَحْزَابِ
مَن يُنكِرُ بَعْضَهُۥ ۚ قُلْ إِنَّمَآ أُمِرْتُ أَنْ أَعْبُدَ ٱللَّهَ وَلَآ أُشْرِكَ بِهِۦٓ ۚ
إِلَيْهِ أَدْعُوا۟ وَإِلَيْهِ مَـَٔابِ ﴿٣٦﴾

36 നാം നേരത്തെ വേദം നൽകിയിട്ടുള്ളവർ നിനക്കവതരിച്ച ഈ വേദത്തിൽ സന്തുഷ്ടരാകുന്നു. പല കക്ഷികളിൽ, അതിലെ പ്രമാണങ്ങളംഗീകരിക്കാത്ത ചിലതുമുണ്ട്. നീ വ്യക്തമായി പ്രഖ്യാപിക്കുക: ഞാൻ അല്ലാഹുവിന്നുമാത്രം അടിമപ്പെടാനും അവന്ന് പങ്കാളികളെ ആരോപിക്കാതിരിക്കാനും കൽപിക്കപ്പെട്ടിരിക്കുന്നു. അതിനാൽ, ഞാൻ അവങ്കലേക്കു മാത്രം നിങ്ങളെ വിളിക്കുന്നു. എന്റെയും മടക്കം അവങ്കലേക്കു തന്നെ.

അവന്‍ =هُوَ യാതൊരുവന്‍(ജനം പൂജിക്കുന്ന കല്‍പ്രതിമകള്‍പോലെ) ആണോ =أَفَمَنْ
എല്ലാ ഓരോ ജീവിയിന്മേലും നില്‍ക്കുന്നവന്‍(ജീവിയേയും പാലിക്കുന്നവന്‍) ആകുന്നു =قَآئِمٌ عَلَىٰ كُلِّ نَفْسٍۭ
അവര്‍ ആക്കി(കല്‍പിച്ചിരിക്കുകയാകുന്നു) =وَجَعَلُوا۟ അത് സമ്പാദിച്ചതുകൊണ്ട്(ആര്‍ജിച്ച കര്‍മത്തിനനുഗുണമായി) =بِمَا كَسَبَتْ
നിങ്ങള്‍ അവരുടെ(ഈ ആരാധ്യരുടെ) പേരുപറയുവിന്‍ =سَمُّوهُمْ നീ(അവരോട്)പറയുക =قُلْ പങ്കാളികളെ =شُرَكَآءَ അല്ലാഹുവിന്ന് =لِلَّهِ
അവന്‍ അറിയാത്ത(വിവരങ്ങള്‍)കൊണ്ട് =بِمَا لَا يَعْلَمُ അതല്ല നിങ്ങള്‍ അവനെ(അല്ലാഹുവിനെ)അറിയിക്കുകയാണോ =أَمْ تُنَبِّـُٔونَهُۥ
വാക്കില്‍നിന്ന് വെളിവാകുന്നതുകൊണ്ട്(കേവലം വിടുവായത്തം പറയുകയോ) =بِظَـٰهِرٍ مِّنَ ٱلْقَوْلِ അതോ =أَم ഭൂമിയില്‍ =فِى ٱلْأَرْضِ
സത്യസന്ദേശം തള്ളിക്കളഞ്ഞവര്‍ക്ക് അലങ്കാരമാക്കപ്പെട്ടു(ഭൂഷണമായിതോന്നി) =زُيِّنَ لِلَّذِينَ كَفَرُوا۟ എന്നാല്‍, കാര്യം ഇതൊന്നുമല്ല, മറിച്ച് =بَلْ
നേര്‍വഴിയില്‍നിന്ന് =عَنِ ٱلسَّبِيلِ (അങ്ങനെ) അവര്‍ തടയപ്പെട്ടു =وَصُدُّوا۟ അവരുടെ കുതന്ത്രം, കുചേഷ്ഠിതം =مَكْرُهُمْ
അല്ലാഹു മാര്‍ഗഭ്രഷ്ടനാക്കിയവന്‍(യവരെ) =وَمَن يُضْلِلِ ٱللَّهُ
അവര്‍ക്ക്(ഇത്തരക്കാര്‍ക്ക്)ഉണ്ട് =لَّهُمْ അവന്ന് സന്മാര്‍ഗദര്‍ശകനില്‍ നിന്ന് ഇല്ല(സന്മാര്‍ഗദര്‍ശനം ചെയ്യാനാരുമില്ല) =فَمَا لَهُۥ مِنْ هَادٍ
പാരത്രിക ശിക്ഷ തന്നെആകുന്നു =وَلَعَذَابُ ٱلْـَٔاخِرَةِ ഭൗതികജീവിതത്തില്‍(തന്നെ) =فِى ٱلْحَيَوٰةِ ٱلدُّنْيَا ശിക്ഷ =عَذَابٌ
അല്ലാഹുവിങ്കല്‍(ന്റെ ശിക്ഷയില്‍)നിന്ന് =مِّنَ ٱللَّهِ അവര്‍ക്ക്(ആരും)ഇല്ല =وَمَا لَهُم (അതിനെക്കാള്‍) ഏറ്റം കൊടൂരമായത് =أَشَقُّ
സ്വര്‍ഗ(ലോക)ത്തിന്റെ =ٱلْجَنَّةِ ഉദാഹരണം, വര്‍ണന =مَّثَلُ (രക്ഷിക്കാന്‍) കാവലാളായി =مِن وَاقٍ
അതിന്റെ കീഴ്ഭാഗങ്ങളിലൂടെ =مِن تَحْتِهَا ഒഴുകുന്നു =تَجْرِى ദൈവഭക്തന്മാര്‍ വാഗ്ദാനം ചെയ്യപ്പെട്ടിട്ടുള്ള =ٱلَّتِى وُعِدَ ٱلْمُتَّقُونَ
സദാ, എന്നുമെന്നും =دَآئِمٌ അതിലെ ഭോജ്യം (ഫലവൃക്ഷങ്ങള്‍ ഫലം നല്‍കുന്നതും) =أُكُلُهَا ആറുകള്‍ =ٱلْأَنْهَـٰرُ
അന്ത്യം, പരിണതി =عُقْبَى അതത്രെ =تِلْكَ അതിന്റെ തണലും(തണല്‍ വിരിക്കുന്നതുമാകുന്നു) =وَظِلُّهَا
സത്യനിഷേധികളുടെ, ധിക്കാരികളുടെ പരിണതി(യോ) =وَّعُقْبَى ٱلْكَـٰفِرِينَ ദൈവഭക്തരായിവാണവരുടെ =ٱلَّذِينَ ٱتَّقَوا۟
നാം(നേരത്തെ) വേദം നല്‍കിയവര്‍ =وَٱلَّذِينَ ءَاتَيْنَـٰهُمُ ٱلْكِتَـٰبَ നരക അഗ്നിയും =ٱلنَّارُ
നിനക്ക് അവതരിച്ചതു കൊണ്ട്(അവതരിച്ച ഈ വേദത്തില്‍) =بِمَآ أُنزِلَ إِلَيْكَ അവര്‍ സന്തോഷിക്കുന്നു, സന്തുഷ്ടരാകുന്നു =يَفْرَحُونَ
നിഷേധിക്കുന്നതു, അംഗീകരിക്കാത്തത് =مَن يُنكِرُ പല കക്ഷികളില്‍ ചിലരുണ്ട് =وَمِنَ ٱلْأَحْزَابِ
നീ പറയുക (വ്യക്തമായി പ്രഖ്യാപിക്കുക) =قُلْ അതിന്റെ ചിലത് (പ്രമാണങ്ങള്‍) =بَعْضَهُۥ
ഞാന്‍ അല്ലാഹുവിന്നുമാത്രം അടിമപ്പെടാന്‍ =أَنْ أَعْبُدَ ٱللَّهَ നിശ്ചയമായും ഞാന്‍ കല്‍പിക്കപ്പെട്ടിരിക്കുന്നു =إِنَّمَآ أُمِرْتُ
അവനോട് ഞാന്‍ പങ്കുചേര്‍ക്കാതിരിക്കാനും(പങ്കാളികളെ ആരോപിക്കാതിരിക്കാനും) =وَلَآ أُشْرِكَ بِهِۦٓ
അവനിലേക്കു തന്നെ =وَإِلَيْهِ (നിങ്ങളെ) ഞാന്‍ വിളിക്കുന്നു =أَدْعُوا۟ അതിനാല്‍ അവനിലേക്കു മാത്രം =إِلَيْهِ
എന്റെയും മടക്കം =مَـَٔابِ

**33:** قام على യുടെ കര്‍തൃരൂപമാണ് قَآئِمٌ عَلَىٰ. നിരീക്ഷിക്കുക, പരിപാലിക്കുക, മേല്‍നോട്ടം ചെയ്യുക, വിടാതെ പിന്തുടരുക എന്നെല്ലാമാണ് قام على യുടെ അര്‍ഥം. എല്ലാ ജീവികളുടെയും, കര്‍മവും വാക്കും വിചാരവും സമ്പൂര്‍ണമായി സംവിധാനിക്കുകയും നിയന്ത്രിക്കുകയും അനന്തരം വിചാരണ ചെയ്യുകയും ചെയ്യുന്നവന്‍ എന്നാണ് ഇവിടെ ഉദ്ദേശ്യം. بِمَا كَسَبَتْ ന്റെ ഭാഷാര്‍ഥം 'അവന്‍ സമ്പാദിച്ചതുകൊണ്ട്' എന്നാണ്. ഇവിടെ ഉദ്ദേശ്യം കര്‍മങ്ങളാണ്. കര്‍മങ്ങള്‍ക്കെല്ലാം ഈ ലോകത്തും പരലോകത്തും ഫലങ്ങളുണ്ട്. ഈ ഫലങ്ങള്‍ സമ്പാദിക്കുകയാണ് ഏതു കര്‍മത്തിന്റെയും ലക്ഷ്യം. ഈയടിസ്ഥാനത്തില്‍ കര്‍മങ്ങളെ (أعمال) സമ്പാദ്യം(كسب) എന്നും വിളിക്കുന്നു.

'ഇവിടെ ഓരോ ജീവിയെയും അല്ലാഹു അതിന്റെ കര്‍മസമ്പാദ്യത്തിനനുഗുണമായി പാലിക്കുന്നു' എന്നു പറഞ്ഞതില്‍ രണ്ടു സൂചനയുണ്ട്. ഒന്ന് മനുഷ്യന്റെ ഭാഗധേയം നിര്‍ണയിക്കുന്നത് യഥാര്‍ഥത്തില്‍ അവനവന്റെ കര്‍മമാണ്. കര്‍മഫലം ലഭ്യമാകാനുള്ള ഏര്‍പ്പാടുകള്‍ ചെയ്യുക അഥവാ ഓരോരുത്തരും ചെയ്ത കര്‍മത്തിന്റെ ഫലമെന്താണോ അത് ഉളവാക്കിക്കൊടുക്കുകയാണ് അല്ലാഹു ചെയ്യുന്നത്. രണ്ട്, മനുഷ്യന്റെ വെറുമൊരു കാര്യസ്ഥനായി അവന് വേണ്ടതൊക്കെ ഒരുക്കിക്കൊടുക്കുകയല്ല അല്ലാഹു. ഓരോരുത്തരും സ്വകര്‍മം കൊണ്ട് അര്‍ഹിക്കുന്നതെന്തോ അതേ അവനു നല്‍കൂ. മനുഷ്യന്റെയും അവന്റെ കര്‍മസമ്പാദ്യത്തിന്റെയും സംവിധായകനും നിരീക്ഷകനുമെന്ന നിലയില്‍ ആ കര്‍മങ്ങളെക്കുറിച്ച് അവനെ വിചാരണ ചെയ്യാനുള്ള അവകാശവും അല്ലാഹുവിനുണ്ട്. അതിനു നിശ്ചയിക്കപ്പെട്ട സന്ദര്‍ഭത്തില്‍ അതും നടക്കുന്നതാണ്.

ഇവിടെ ഉന്നയിക്കുന്ന ചോദ്യത്തിന്റെ അര്‍ധഭാഗം നിരുക്തമാക്കിയിരിക്കുന്നു. സൂക്തസന്ദര്‍ഭത്തില്‍ പലരൂപത്തില്‍ അത് പൂരിപ്പിക്കാം. ഒന്ന് തര്‍ജമയില്‍ സ്വീകരിച്ചതുപോലെ 'നിങ്ങള്‍ പൂജിക്കുന്ന കല്‍പ്രതിമകള്‍ പോലെയാണോ' എന്ന്. ഓരോജീവിയെയും അതിന്റെ കര്‍മമനുസരിച്ച് പരിപാലിച്ചുകൊണ്ടിരിക്കുന്നവന്‍ 'പങ്കാളികളുള്ളവനാകുമോ' എന്നാണ് മറ്റൊരു പൂരണം; 'അവനോടാണോ നിങ്ങളുടെ ധിക്കാരം?'

എന്നും ചിലർ പൂരിപ്പിച്ചിട്ടുണ്ട്. ഏതു സ്വീകരിച്ചാലും സാരം ഒന്നു തന്നെയാണ്. ഈ പൂരണം സന്ദർഭത്തിൽനിന്ന് വായനക്കാരന് സ്വയം മനസ്സിലാകുന്നതുകൊണ്ടാണ് വിട്ടുകളഞ്ഞത്. മനുഷ്യന്റെയും അവനുൾക്കൊള്ളുന്ന പ്രപഞ്ചത്തിന്റെയും യഥാർഥ സ്രഷ്ടാവും വിധാതാവും അല്ലാഹുവാണെന്ന് അറേബ്യൻ വിഗ്രഹാരാധകർ സമ്മതിച്ചിരുന്നു. ഈ യാഥാർഥ്യം സമ്മതിക്കുന്നുവെന്നിരിക്കെ അവനെ ധിക്കരിക്കുകയും അവന്റെ സൃഷ്ടികളെ അവന്നു സമന്മാരും പങ്കാളികളുമായി സങ്കൽപിച്ച് ആരാധിക്കുകയും ചെയ്യുന്നതിനെന്തു ന്യായം എന്ന് ചോദിക്കുകയാണ്.

قُلْ سَمُّوهُمْ എന്ന വാക്യത്തെ മുഫസ്സിറുകൾ രണ്ടു രൂപത്തിൽ മനസ്സിലാക്കിയിട്ടുണ്ട്. ഒന്ന്, നിങ്ങൾ പൂജിക്കുന്ന ഈ വസ്തുക്കൾക്ക് വല്ല ശക്തിയും ഉണ്ടെന്നോ അവയുടെ യാഥാർഥ്യം എന്താണെന്നോ ഒന്നും നിങ്ങൾക്കറിയില്ല. ഒരു വസ്തുവിനെ മനസ്സിലാക്കുന്നതിന്റെ പ്രഥമ പടിയാണല്ലോ അതിന്റെ പേരറിയുക. നിങ്ങൾക്ക് അവയുടെ പേരെങ്കിലും ഒന്നു പറഞ്ഞുതരാൻ കഴിയുമോ? ആ വസ്തുക്കളുടെ യാഥാർഥ്യത്തെ സൂചിപ്പിക്കുന്ന ഒരു പേരും അവരുടെ അറിവിലില്ല. അവരുടെ പൂജ്യവസ്തുക്കൾ വെറും ശിലകളാണ്. അതുകൊണ്ട് ദൈവങ്ങളുടെ യാഥാർഥ്യത്തെ സൂചിപ്പിക്കുന്നു, സത്തയെ ഐഡന്റിഫൈ ചെയ്യുന്ന വല്ലതും അവർക്കറിയാമെങ്കിൽ അത് 'ശില' എന്നു മാത്രമാണ്. ലാത്ത, ഉസ്സ, ഹുബ്ൽ മനാത്ത എന്നൊക്കെ ഓരോ വിഗ്രഹത്തിനും ഓരോ പേർ അവരിട്ടതാണ്. അതെക്കുറിച്ച് ഖുർആൻ 53:23ൽ ഇപ്രകാരം പറയുന്നുണ്ട്:

إِنْ هِىَ إِلَّآ أَسْمَآءٌ سَمَّيْتُمُوهَآ أَنتُمْ وَءَابَآؤُكُم مَّآ أَنزَلَ ٱللَّهُ بِهَا مِن سُلْطَٰنٍ
إِن يَتَّبِعُونَ إِلَّا ٱلظَّنَّ وَمَا تَهْوَى ٱلْأَنفُسُ ۖ وَلَقَدْ جَآءَهُم مِّن رَّبِّهِمُ ٱلْهُدَىٰٓ

(ഇതൊക്കെയും നിങ്ങളും നിങ്ങളുടെ പിതാക്കളും വിളിച്ച വെറും പേരുകളല്ലാതെ യാതൊന്നുമല്ല. അല്ലാഹു ഇതിനൊന്നും യാതൊരു പ്രമാണവുമവതിരിപ്പിച്ചിട്ടില്ല. അവർ ഊഹങ്ങളെയും അവരുടെ ഇഛകളെയും മാത്രമാകുന്നു പിന്തുടരുന്നത്. എന്നാൽ ഇപ്പോൾ അവർക്ക് വിധാതാവിങ്കൽ നിന്നുള്ള മാർഗദർശനം കിട്ടിക്കഴിഞ്ഞിരിക്കുന്നു - 53:23)

അവരെ വിശേഷിപ്പിക്കുക, അഥവാ അവരുടെ സത്തയും ഗുണങ്ങളും പറഞ്ഞു തരിക എന്നാണ് سموهم എന്ന വാക്കിന്റെ മറ്റൊരർഥം. ഒരു വസ്തുവിന്റെ ഗുണങ്ങളിൽ പെട്ടതാണ് അതിന്റെ പേര്. നാമങ്ങളിൽ ചിലത് നാമാവിന്റെ പ്രധാനഗുണങ്ങളെയും ധർമങ്ങളെയും പ്രതിനിധീകരിക്കുന്നതായിരിക്കും. അല്ലാഹുവിന്റെ മറ്റു നാമങ്ങൾ അവന്റെ ഗുണനാമങ്ങളാണ്. സ്രഷ്ടാവ്, രക്ഷകൻ കരുണാനിധി, അന്നദാതാവ്, ഔദാര്യവാൻ, സർവജ്ഞൻ തുടങ്ങിയവ ഉദാഹരണം. ഇതുപോലെ സൃഷ്ടി സ്ഥിതി സംഹാരങ്ങളുമായി ബന്ധപ്പെട്ട വല്ല ഗുണങ്ങളും നിങ്ങളുടെ ആരാധ്യർക്കുണ്ടോ എന്ന് ചോദിക്കുകയാണ്.

ഈ ചോദ്യത്തിനു അവർ മറുപടി പറഞ്ഞുവോ, പറഞ്ഞുവെങ്കിൽ അതെന്താണ് എന്ന് പരിഗണിക്കാതെ മറ്റൊരു ചോദ്യം ഉന്നയിച്ചിരിക്കുന്നു: ഈ ഭൂമിയിൽ അല്ലാഹു അറിയാത്ത വിവരം നിങ്ങൾ അവനെ അറിയിക്കുകയാണോ എന്നാണത്. താൽപര്യമിതാണ്: നിങ്ങൾ ആരാധ്യ വസ്തുക്കൾക്ക് പേരു ചൊല്ലിയാലും ഇല്ലെങ്കിലും, പ്രപഞ്ചത്തിന്റെ യഥാർഥ സ്രഷ്ടാവും വിധാതാവും അല്ലാഹുവാണെങ്കിൽ, അവന്റെ അറിവും സമ്മതവുമില്ലാതെ ഈ പ്രപഞ്ചത്തിലെങ്ങും യാതൊരു വസ്തുവും ഉണ്ടാവുക സാധ്യമല്ല. അവൻ സൃഷ്ടിച്ചു വെച്ചിട്ടുള്ളതാണിവിടെയുള്ളതെല്ലാം. وَمَا تَسْقُطُ مِن وَرَقَةٍ إِلَّا يَعْلَمُهَا (അവൻ അറിയാതെ ഒരില പൊഴിയുന്നു പോലുമില്ല -6:59). അവൻ ഭൂമിയിൽ തനിക്കു പങ്കാളികളെ നിശ്ചയിച്ചിട്ടില്ല. തന്റെ സമ്മതമില്ലാതെ ആരെങ്കിലും അവിടെ പങ്കാളികളായി അധികാരം വാഴുന്നതായി അറിഞ്ഞിട്ടുമില്ല. ഈ അറിവില്ലായ്മയുടെ ലളിതമായ അർഥം ഭൂമിയിൽ അത്തരം പങ്കാളികളൊന്നും ഇല്ല എന്നാണ്. അതല്ല, ഭൂമിയിൽ അല്ലാഹുവിന് ചില പങ്കാളികൾ ഉണ്ട് എന്നുതന്നെയാണ് നിങ്ങൾ പറയുന്നതെങ്കിൽ, നിങ്ങളെയും നിങ്ങളുൾപ്പെട്ട പ്രപഞ്ചത്തെയും സൃഷ്ടിച്ചു പരിപാലിച്ചുപോരുന്ന സർവജ്ഞനും സർവശക്തനുമായ അല്ലാഹുവിന്നറിഞ്ഞു കൂടാത്ത ചില കാര്യങ്ങൾ നിങ്ങൾ അവന്നു പഠിപ്പിച്ചു കൊടുക്കുന്നുവെന്നാണർഥം. അല്ലാഹുവിന്ന് നിങ്ങൾ തന്നെ സമ്മതിച്ചിട്ടുള്ള മഹിത ഗുണങ്ങൾക്കും സാമാന്യ ബുദ്ധിക്കും നിരക്കാത്ത കാര്യമാണിത്.

സൂക്തത്തിന്റെ بَلْ زُيِّنَ എന്നു തുടങ്ങുന്ന അവസാന ഖണ്ഡം ബഹുദൈവവിശ്വാസം നിലനിർത്തുന്നതിനുവേണ്ടി പാടുപെടുന്നതിന്റെ യഥാർഥ പ്രചോദനത്തിലേക്ക് വിരൽ ചൂണ്ടുകയാണ്. തങ്ങൾ ആരാധിക്കുന്ന പ്രതിഷ്ഠകൾക്ക് ദിവ്യശക്തികളുണ്ടെന്നു ബോധ്യപ്പെട്ടതുകൊണ്ടോ അവ ഭൂമിയിൽ അല്ലാഹുവിന്റെ പങ്കാളികളാണെന്ന് വിശ്വസിക്കുന്നതുകൊണ്ടോ ഒന്നുമല്ല ബഹുദൈവാരാധകരുടെ നേതാക്കൾ ആ സമ്പ്രദായം നിലനിർത്താനും പുഷ്ടിപ്പെടുത്താനും പരിശ്രമിക്കുന്നത്. സത്യത്തോടും ധർമത്തോടുമുള്ള വിരക്തിയാണ് യഥാർഥ കാരണം. സത്യധർമാദികളെക്കാൾ വിലപ്പെട്ടതായി അവർ പരിഗണിക്കുന്നത് സമ്പത്ത്, അധികാരം, സ്ഥാനമാനങ്ങൾ, പ്രതാപം, പ്രശസ്തി തുടങ്ങിയ ഭൗതിക ലാഭങ്ങളാണ്. അതു എളുപ്പത്തിൽ നേടാൻ അസത്യത്തിന്റെയും അധർമത്തിന്റെയും കുറുക്കുവഴികൾ(مكر)തേടുകയാണവർ. അത്തരം കുറുക്കുവഴികളൊക്കെ അവർക്ക് ഏറെ ഭൂഷണമായിത്തോന്നുകയും ചെയ്യുന്നു. ബഹുദൈവവിശ്വാസത്തിന്റെ പൊള്ളത്തരം ഖുർആനും പ്രവാചകനും സുവ്യക്തമായി തുറന്നു കാട്ടിയിട്ടുണ്ട്. ബഹുദൈവത്വത്തിന്റെ അതിപ്രഗത്ഭരായ ആചാര്യന്മാർക്കുപോലും അതിന്റെ മുമ്പിൽ പിടിച്ചു നിൽക്കാനാകുന്നില്ല. ആത്യന്തികമായി എല്ലാവരും ദൈവത്തിന്റെ ഏകത്വം അംഗീകരിക്കേണ്ടിവരുന്നു. അപ്പോൾ പ്രശ്നം ഭൗതിക താൽപര്യങ്ങളുടേതാണ്. പാരമ്പര്യമായി കൈവന്ന ആചാര്യ പദവി, അധികാരസ്ഥാനങ്ങൾ, സമ്പത്ത്, വൈയക്തികമോ വംശീയമോ ആയ ആധിപത്യം ഇതൊക്കെ നിലനിർത്തുന്നതിനുവേണ്ടി പൂർവികർ ആവിഷ്കരിച്ച വിശ്വാസാചാരങ്ങൾ അതേപടി പിന്തുടരുന്നു. ഇങ്ങനെ അറിഞ്ഞുകൊണ്ട് അന്ധവിശ്വാസങ്ങളും അധർമങ്ങളും ആചരിക്കുന്നവർ വഴിപിഴച്ചുപോകാൻ വിധിക്കപ്പെട്ടവരാണ്. അവരെ നേർവഴിയിലാക്കാൻ ആർക്കും സാധിക്കുകയില്ല.

**34:** മുൻ സൂക്തത്തിൽ പരാമർശിക്കപ്പെട്ട തരത്തിലുള്ള ആളുകൾ ഒരതിരുകഴിഞ്ഞാൽ ഈ ലോകത്തു തന്നെ ശിക്ഷിക്കപ്പെടും. നാമാവശേഷമായിപ്പോയ പല ജനതകളും അതിനുദാഹരണങ്ങളാണ്. ഈ ലോകത്തു ലഭിക്കുന്ന ശിക്ഷയെക്കാൾ വളരെ കൊടൂരമായിരിക്കും പരലോകത്തവർ നേരിടേണ്ടിവരുന്ന ശിക്ഷ. ഇന്നവർ ദൈവത്തിന്റെ പങ്കാളികളും തങ്ങളുടെ ശിപാർശകരും രക്ഷകരുമായി കരുതുന്ന ആരാധ്യരാരും അന്നവിടെ അല്ലാഹുവിന്റെ പിടുത്തത്തിൽ നിന്ന് അവരെ രക്ഷിക്കാനുണ്ടാവില്ല. പ്രവാചക നിയോഗത്തിലൂടെ അല്ലാഹു അവന്റെ ന്യായം പൂർത്തിയാക്കിക്കഴിഞ്ഞ ശേഷവും സത്യവിശ്വാസം കൈക്കൊള്ളാനും ധർമമാർഗം സ്വീകരിക്കാനും കൂട്ടാക്കാത്ത

സമൂഹം അനിവാര്യമായി നാശഗർത്തത്തിൽ പതിക്കും എന്നത് പ്രകൃതി നിയമമാകുന്നു.

شق ൽ നിന്നുള്ള ഉത്തമവാചിയാണ് أَشَقُّ. പിളർപ്പും വിഘടനവുമാണ് شق. പ്രയാസം എന്ന് പ്രയോഗാർഥവുമുണ്ട്. പ്രയാസത്തിന് സാധാരണ ഉപയോഗിക്കാറുള്ള പദമാണ് ഇതിൽനിന്നുള്ള مشقة. മനപ്രയാസത്തിനും വിമ്മിഷ്ടത്തിനും شق الأنفس എന്നു പറയും. കൊടിയ ദുരിതവും പീഡനവുമുള്ളത് എന്ന ആശയത്തിലാണ് ശിക്ഷയെ أَشَقُّ എന്നു വിശേഷിപ്പിക്കുന്നത്. وَقَى യുടെ കർതൃപദമാണ് وَاقٍ. കാത്തുരക്ഷിക്കുന്നവനും സൂക്ഷിക്കുന്നവനും എന്നർഥം.

**35:** أُكُلُهَا دَآئِمٌ وَظِلُّهَا എന്നതിനുശേഷം دَآئِمٌ എന്ന പദം സന്ദർഭത്തിൽനിന്ന് വ്യക്തമാകുന്നതുകൊണ്ട് വിട്ടുകളഞ്ഞിരിക്കുന്നു. പ്രാവചകനെ നിഷേധിച്ചവരുടെ ദുഷ്പരിണതിയെക്കുറിച്ചു പറഞ്ഞശേഷം പ്രവാചകനിൽ വിശ്വസിച്ച ദൈവഭക്തന്മാരുടെ ശുഭപര്യവസാനം, ഋതുഭേദമില്ലാതെ ഫലങ്ങൾ വിളയിക്കുന്നതും ശീതളമായ തണൽ വിരിക്കുന്ന ഹരിതപത്രങ്ങളാൽ നിബിഢവുമായ വൃക്ഷലതാദികൾ നിറഞ്ഞ സ്വർഗമായിരിക്കുമെന്നനുസ്മരിക്കുകയാണിവിടെ.

**36:** وَالَّذِينَ ءَاتَيْنَـٰهُمُ الْكِتَـٰبَ (നാം വേദം നൽകിയവർ) കൊണ്ടുദ്ദേശ്യം വൈദിക മതവിഭാഗങ്ങളിലെ സത്യസന്ധരായ ആളുകളാണ്. പ്രവാചകൻ നേരിട്ടു സംബോധന ചെയ്തിരുന്ന വൈദിക മതവിഭാഗങ്ങൾ യഹൂദരും ക്രൈസ്തവരുമായിരുന്നു. ഈ രണ്ടു വിഭാഗങ്ങളെ ഉദ്ദേശിച്ചാണ് ഖുർആൻ വേദക്കാർ –أهل الكتاب– എന്ന് ഉപയോഗിക്കാറുള്ളത്. തങ്ങളുടെ കൈവശമുള്ള വേദങ്ങൾ പ്രവചിക്കുന്ന അന്ത്യപ്രവാചകനെ പ്രതീക്ഷിച്ചു കഴിയുന്നവരായിരുന്നു അവർ. അതിനാൽ മുഹമ്മദ് നബിയുടെ പ്രബോധനത്തിലും അദ്ദേഹം അവതരിപ്പിച്ച വേദത്തിലും തങ്ങളുടെ വേദത്തിലെ പ്രവചനങ്ങളുടെ സാക്ഷാൽക്കാരത്തിന്റെ ലക്ഷണങ്ങൾ കണ്ടപ്പോൾ അവരിൽ ചിലർ അദേഹത്തെ തിരിച്ചറിഞ്ഞ് സസന്തോഷം സ്വാഗതം ചെയ്തു. വേദക്കാരിലെ ഈ സാത്വിക വിഭാഗത്തെ ഖുർആൻ പലയിടത്തും പരാമർശിക്കുന്നുണ്ട്. ഇവിടെ അവരെ ചൂണ്ടിക്കാണിക്കുന്നതിൽ പ്രവാചകന് ഇപ്രകാരമുള്ള ഒരു സാന്ത്വനമുണ്ട്: മൂഢന്മാരായ ധർമവിരോധികൾ പുഛരിക്കുകയും പരിഹസിക്കുകയും ചെയ്യുന്നതിൽ പ്രവാചകൻ പരിതപിക്കേണ്ട കാര്യമില്ല. വിദ്വാന്മാരും ദൈവിക പ്രമാണങ്ങളുടെ വാഹകരുമായ വേദക്കാരിൽ ഒരു വിഭാഗം താങ്കളെ സന്തോഷപൂർവം സ്വാഗതം ചെയ്യുന്നുണ്ടല്ലോ. വിഗ്രഹാരാധകർ പ്രവാചകനോടും ഇസ്ലാമിനോടും തുടർന്നുവരുന്ന എതിർപ്പും അവിശ്വാസവും ഉപേക്ഷിക്കുകയാണവർക്ക് നല്ലത് എന്ന ഒരു ഉൽബോധനവും ഇതിലുണ്ട്. വേദക്കാരിലെ വിദ്വാന്മാരും വിശുദ്ധരും സാദരം സ്വാഗതം ചെയ്യുന്ന പ്രവാചകനെയും അദ്ദേഹം അവതരിപ്പിക്കുന്ന വേദത്തെയും തള്ളിപ്പറയുന്നതിലൂടെ അജ്ഞരും അപരിഷ്കൃതരുമായ നിങ്ങൾ അതിന്റെ അനുഗ്രഹങ്ങളിൽനിന്ന് സ്വയം വിലക്കുകയാണ് ചെയ്യുന്നത്.

أحزاب കൊണ്ട് ഇവിടെ വിവക്ഷിച്ചിട്ടുള്ളത് പ്രവാചകനെ എതിർക്കുന്ന യഹൂദർ, ക്രൈസ്തവർ, ജാഹിലീ അറബികൾ തുടങ്ങിയ കക്ഷികളെയാണ്. അവരുടെ എതിർപ്പ് എല്ലാ മുഹമ്മദീയ പ്രബോധനവും ഖുർആനിന്റെ പ്രമാണങ്ങളും പ്രവചനങ്ങളും പൂർണമായി തള്ളിക്കളയുന്ന സ്വഭാവത്തിലുള്ളതായിരുന്നില്ല. അതിനവർക്ക് കഴിയുകയുമില്ലായിരുന്നു. പ്രമാണങ്ങളിൽ തിരിമറി നടന്ന വിഷയങ്ങളിലാണ് ഖുർആനികാധ്യാപനങ്ങളും ബൈബിൾ പ്രമാണങ്ങളും തമ്മിൽ കാര്യമായ അന്തരമുള്ളത്. വിഗ്രഹാരാധകർക്ക് അടിസ്ഥാനപരമായ വിയോജിപ്പുണ്ടായിരുന്നത് ഖുർആനിന്റെ ഏകദൈവാദർശത്തോടായിരുന്നു. മറ്റു വിഷയങ്ങളിൽ അവർക്കും എതിർക്കാൻ ന്യായമുണ്ടായിരുന്നില്ല. ക്രൈസ്തവരിലെ പൗലോസിന്റെ അനുയായികളുടെ എതിർപ്പും ബഹുദൈവത്വസങ്കൽപവുമായി ബന്ധപ്പെട്ടതായിരുന്നു. ഇത്തരം ഭിന്നിപ്പുകളെ സൂചിപ്പിച്ചു കൊണ്ട് ഖുർആൻ നബി(സ)യെ ഉപദേശിക്കുകയാണ്: തൗഹീദിന്റെ കാര്യത്തിൽ ഭിന്നിച്ചു നിൽക്കുന്നവരോട് അസന്ദിഗ്ധമായി തുറന്നു പറഞ്ഞേക്കണം: ഏകനായ അല്ലാഹുവിനോടുള്ള അടിമത്വം മാത്രമേ ഞാൻ അംഗീകരിക്കൂ. മറ്റാരെയെങ്കിലും അവന്റെ പങ്കാളിയാക്കാൻ ഞാനൊരിക്കലും സമ്മതിക്കുകയില്ല. ഏകദൈവത്തിങ്കലേക്കാണ് ഞാൻ നിങ്ങളെ വിളിക്കുന്നത്. ഞാനും അവങ്കലേക്കു തന്നെയാണ് മടങ്ങിപ്പോകുന്നത്. അല്ലാഹുവല്ലാത്ത ആരുടെയെങ്കിലും സംരക്ഷണമോ സഹായമോ ശിപാർശയോ ലഭിക്കാനുണ്ട് എന്ന മൂഢവിചാരത്തിൽനിന്ന് ഞാൻ പരിപൂർണമായും മുക്തനാണ്. ഭിന്നിച്ചു നിൽക്കുന്ന കക്ഷികളിൽ ആരെങ്കിലും സമ്മർദം ചെലുത്തിയോ ഭീഷണിപ്പെടുത്തിയോ പ്രവാചകന്റെ ആദർശവും നിലപാടുകളും മയപ്പെടുത്താമെന്ന് മോഹിക്കുന്നുണ്ടെങ്കിൽ അത് കേവലം വ്യാമോഹമാണെന്ന് ബോധ്യപ്പെടുത്താനാണ് ഇക്കാര്യം ഇത്രയും സ്പഷ്ടമായി പ്രഖ്യാപിക്കുന്നത്. ■